**<u>15 -ാം കേരള നിയമസഭ</u>**

**<u>14 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3110</u>** **<u>07-10-2025 - ൽ മറുപടിയ്ക്ക്</u>**

**<u>ജൽ ജീവൻ പദ്ധതി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജൽ ജീവൻ പദ്ധതി പൂർത്തീകരിച്ച് എപ്പോൾ കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കുമോ ; | (എ) | ജൽ ജീവൻ മിഷൻ പദ്ധതിയുടെ മിഷൻ പിരീഡ് 2024 ആയി തുടക്കത്തിൽ നിശ്ചയിച്ചിരുന്നു. പിന്നീടത് 2025 വരെ ദീർഘിപ്പിക്കുകയും, 2025-26 ലെ യൂണിയൻ ബജറ്റിൽ കാലാവധി 2028 വരെ നീട്ടിയതായും പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത സമയപരിധിക്കുള്ളിൽ ജൽ ജീവൻ മിഷൻ പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ കരാറുകാർക്ക് സർക്കാർ ഫണ്ട് അനുവദിക്കാൻ ബാക്കിയുണ്ടോ എന്ന് വിശദമാക്കുമോ ; | (ബി) | ജൽ ജീവൻ മിഷൻ പദ്ധതിയിൽ നിലവിൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ വകയിൽ കരാറുകാർക്ക് 6039.24 കോടി രൂപ ( 5540 ബില്ലുകൾ - 2024 മാർച്ച് മുതൽ 2025 ആഗസ്റ്റ് വരെ) കുടിശ്ശിക നല്കുവാനുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി പൈപ്പിടുന്നതിനായി സംസ്ഥാനത്ത് എത്ര കിലോമീറ്റർ ഗ്രാമീണ റോഡുകൾ ജലവിഭവ വകുപ്പ് ഏറ്റെടുത്തിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കുമോ; | (സി) | ജൽ ജീവൻ മിഷൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടി നടപ്പിലാക്കുന്ന പദ്ധതിയാണ്. ആയതിനാൽ പദ്ധതിയ്ക്കായി ഗ്രാമീണ റോഡുകൾ ഏറ്റെടുത്തിട്ടില്ല. എന്നാൽ പദ്ധതിയുടെ ഭാഗമായി പൈപ്പ് ലൈനുകൾ സ്ഥാപിക്കാൻ പഞ്ചായത്ത് റോഡുകൾ മുറിക്കേണ്ടതായി വന്നിട്ടുണ്ട്.<br><br>പദ്ധതിയുടെ ഭാഗമായി പൈപ്പ് ലൈൻ സ്ഥാപിക്കാനായി കുഴിച്ച ടാർ റോഡുകളുടെ ജില്ല തിരിച്ചുള്ള വിവരവും, റെസ്റ്റോറേഷൻ പ്രവൃത്തികൾ സംബന്ധിച്ച വിവരങ്ങളും **<u>അനുബന്ധമായി</u>** ചേർക്കുന്നു |
| (ഡി) | പ്രസ്തുത റോഡുകളിൽ റെസ്റ്റൊറേഷൻ പ്രവർത്തി പൂർത്തിയാക്കിയതിന്റെ കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കുമോ? | (ഡി) | ജൽ ജീവൻ മിഷൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടി നടപ്പിലാക്കുന്ന പദ്ധതിയാണ്. ആയതിനാൽ പദ്ധതിയ്ക്കായി ഗ്രാമീണ റോഡുകൾ ഏറ്റെടുത്തിട്ടില്ല. എന്നാൽ പദ്ധതിയുടെ ഭാഗമായി പൈപ്പ് ലൈനുകൾ സ്ഥാപിക്കാൻ പഞ്ചായത്ത് റോഡുകൾ മുറിക്കേണ്ടതായി വന്നിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പദ്ധതിയുടെ ഭാഗമായി പൈപ്പ് ലൈൻ സ്ഥാപിക്കാനായി കുഴിച്ച ടാർ റോഡുകളുടെ ജില്ല തിരിച്ചുള്ള വിവരവും, റെസ്റ്റോറേഷൻ പ്രവൃത്തികൾ സംബന്ധിച്ച വിവരങ്ങളും **അനുബന്ധമായി** ചേർക്കുന്നു |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നമ്പർ | ജില്ല | കുഴിച്ച ഗ്രാമീണ ടാറിട്ട റോഡുകളുടെ ദൂരം (കി.മീ) | റെസ്റ്റോറേഷൻ പ്രവൃത്തി പൂർത്തീകരിച്ച ദൂരം (കി.മീ) |
|---|---|---|---|
| 1 | തിരുവനന്തപുരം | 2816.53 | 426.21 |
| 2 | കൊല്ലം | 1996.72 | 838.31 |
| 3 | പത്തനംതിട്ട | 1483.92 | 667.36 |
| 4 | കോട്ടയം | 2410.91 | 996.90 |
| 5 | ആലപ്പുഴ | 1565.64 | 577.91 |
| 6 | ഇടുക്കി | 1345.53 | 1099.31 |
| 7 | എറണാകുളം | 2437.65 | 956.38 |
| 8 | തൃശ്ശൂർ | 4064.49 | 681.74 |
| 9 | പാലക്കാട് | 5031.10 | 965.52 |
| 10 | മലപ്പുറം | 6027.54 | 1472.05 |
| 11 | കോഴിക്കോട് | 4203.36 | 1106.81 |
| 12 | വയനാട് | 598.85 | 270.98 |
| 13 | കണ്ണൂർ | 2805.72 | 1418.70 |
| 14 | കാസർഗോഡ് | 1416.48 | 1192.05 |
| **ആകെ** | | **38204.44 (കി.മീ)** | **12670.23 (കി.മീ)** |